C 4346 (Pages : 3) Name..................................

Reg. No..................................

# SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2021

Malayalam (Common Course (Language Reduced Pattern))

MAL 2A 08 (3)—MALAYALA BHASHAYUM SAHITHYAVUM – 2

Time : Two Hours and a Half Maximum : 80 Marks

## Section A

*Answer at least* **ten** *questions.*
*Each question carries 3 marks.*
*All questions can be attended.*
*Overall Ceiling* 30.

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

1. 'ദയയുള്ള ഒരു മുഖവും ഞാൻ കണ്ടില്ല ; വിശന്ന ചെന്നായ്ക്കളെപ്പോലെയുള്ള നോട്ടം' സന്ദർഭം ഏത് ? വ്യക്തമാക്കുക.
2. 'ദൈവം . . . . നിങ്ങളെയും . . . . .എന്നേയും . . . . . . എല്ലാവരേയും രക്ഷിക്കട്ടെ. ഈ പ്രസ്താവനയുടെ പൊരുൾ വ്യക്തമാക്കുക.
3. 'സാത്താന്മാരേ, മരിച്ചവരെയും നിങ്ങൾ വെറുതേ വിടുകയില്ലേ ?' ആരുടെ ചോദ്യം ? സന്ദർഭം എഴുതുക.
4. 'സർവശക്തന്റെ സമ്മതം കൂടാതെ ഈ പാപി പറഞ്ഞ വാക്കുകൾ അപ്പോൾത്തന്നെ പിഴച്ചു' സൂചിതം വ്യക്തമാക്കുക.
5. 'സത്യത്തിന്റെ തുറുകണ്ണ് കണ്ടില്ലെന്നു നടിക്കാൻ വല്യച്ഛനെ കളിയാക്കുകയേ നിവൃത്തിയുണ്ടായിരുന്നുള്ളൂ' സന്ദർഭവും സാരസ്യവും എഴുതുക.
6. 'പയറുവള്ളികളോടായിരുന്നു പിന്നെ വല്യച്ഛന്റെ ചങ്ങാത്തം, സംസാരം, ഉപദേശം തേടൽ' പരാമർശിക്കുന്നതെന്ത് ?
7. മോഹൻ കുമാരമംഗലത്തെപ്പറ്റി ലേഖകന്റെ അഭിപ്രായം എന്തായിരുന്നു ?
8. തനിക്ക് രോഗമാണെന്ന് തിരിച്ചറിഞ്ഞപ്പോഴുള്ള ലേഖികയുടെ അവസ്ഥ എന്തായിരുന്നു ?
9. 'ത്രിമധുരം അകത്ത്, അടി പുറത്ത്' സൂചിതം വ്യക്തമാക്കുക.
10. 'ഇതാ പുതിയൊരു കഥ ആരംഭിക്കാൻ പോകുന്നു. നീ അതിനു വേഗം തയ്യാറാവുക'. സന്ദർഭം, വിവക്ഷിതം എന്നിവ എഴുതുക.
11. 'ആ തീക്കട്ട ഞാൻ തന്നെ ഭക്ഷിക്കാം. എന്നെ അതിനനുവദിക്കണം' സുമതി മാധവൻ നായരോട് ഇങ്ങനെ പറയാനിടയായ സാഹചര്യമേത് ?

Turn over

66361



12. 'ഹാ ! ഞാനാണ് ചേച്ചിയെ ആ വിവരം അറിയിച്ചത് ! അപ്പോൾ ഞാനാണ് ഈ ദുരിതം വരുത്തി വെച്ചത്. ആരുടെ വാക്കുകൾ? സന്ദർഭം എഴുതുക.

13. 'ആ കാഴ്ച കണ്ട് അവർ വിറച്ചു. ഷോക്കേറ്റ പോലെ ഉടലുകൾ തരിച്ചു. ശ്വാസമറ്റ് നിശ്ചലരായി. സംഭവമെന്തെന്ന് വിവരിക്കുക

14. 'സത്യത്തിന്റെ മാത്രമല്ല, അയാൾ മനസ്സിൽ കരുതി, നന്മയുടെയും നാടാണിത് 'എൻമകജെ'യിലെ പുരുഷൻ ഇങ്ങനെ പറയാനിടയായതെപ്പോൾ ?

15. 'ഇനി നമുക്ക് ഭൂതകാലമില്ല. ലോകത്തെ സംബന്ധിക്കുന്ന ദുഃഖങ്ങളൊന്നും ഇനി നമ്മെ അലട്ടുകയില്ല' ആരുടെ വാക്കുകൾ ? വിവക്ഷിതം എഴുതുക.

(10 × 3 = 30 marks)

## Section B

*Answer at least* **five** *questions.*
*Each question carries* 6 *marks.*
*All questions can be attended.*
*Overall Ceiling* 30.

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

16. 'വൻ മരങ്ങൾ വീഴുമ്പോൾ' എന്ന കഥയുടെ രാഷ്ട്രീയപ്രാധാന്യം വിശദീകരിക്കുക.

17. 'പയറുവള്ളികളിൽത്തൂങ്ങി നമ്മളൊക്കെ' എന്ന കഥയിലെ വല്യച്ഛൻ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

18. ഹോട്ടലിൽ തനിക്കു നേരിട്ട അനുഭവം ബഷീർ വിവരിക്കുന്നതെങ്ങനെ ?

19. രോഗാവസ്ഥയിൽ തനിക്ക് ആശ്വാസകരമായിത്തീർന്ന എന്തെല്ലാം കാര്യങ്ങളാണ് ചന്ദ്രമതി വിവരിക്കുന്നത് ?

20. ചെറുകാടിന്റെ ആഖ്യാനത്തെ ശ്രദ്ധേയമാക്കുന്ന ഘടകങ്ങൾ എന്തെല്ലാം ?

21. പഞ്ചി എന്ന കഥാപാത്രത്തിനു എൻമകജെ എന്ന നോവലിലുള്ള സ്ഥാനം നിർണ്ണയിക്കുക.

22. 'ഈശ്വരാ ! പരീക്ഷയ്ക്കുമേൽ പരീക്ഷ നടത്തിയിട്ടും മതിയായില്ലേ ?' മാധവൻ നായർ ഇങ്ങനെ വിഷമിക്കുന്ന സന്ദർഭം ഏത് ? വിശദമാക്കുക.

23. ഭഗ്നഭവനത്തിലെ സ്ത്രീകഥാപാത്രങ്ങളെപ്പറ്റി വിവരിക്കുക.

(5 × 6 = 30 marks)

66361

66361



## Section C

*Answer any* **two** *questions.*
*Each question carries* 10 *marks.*

മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. ഗൗരവതരമായ സാമൂഹിക വിഷയത്തെ ആസ്പദമാക്കി സർഗ്ഗരചന നടത്തുമ്പോൾ എഴുത്തുകാരന് രചനാപരമായ പല വെല്ലുവിളികളും നേരിടേണ്ടി വരും. എൻമകജെ എന്ന നോവൽ ഈ വെല്ലുവിളികളെ നേരിടുന്നതിൽ വിജയിച്ചിട്ടുണ്ടോ ? വിലയിരുത്തുക.

25. കഥാപാത്രങ്ങളുടെ ആന്തരിക സംഘർഷമാണ് ഭഗ്നഭവനം എന്ന നാടകത്തെ പ്രസക്തമാക്കുന്നത് –നിരൂപണം ചെയ്യുക.

26. ബഷീറിന്റെ ആഖ്യാനരീതിയുടെ എന്തെല്ലാം പ്രത്യേകതകളാണ് ഒരു മനുഷ്യൻ എന്ന കഥയിൽ കാണാൻ കഴിയുന്നത് ? വിശദീകരിക്കുക.

27. 'സന്താനഗോപാലം' എന്ന ലേഖനത്തിൽ വിവരിക്കുന്ന വസ്തുതകൾ ചുരുക്കി എഴുതുക.

(2 × 10 = 20 marks)

66361